# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 486 : 21/10/2011 -ൽ മറുപടിക്ക്

### വ്യവസായ താല്പര്യം വളർത്തുന്നതിന് നടപടി

**ചോദ്യം** **ഉത്തരം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യവസായ സംരഭക താല്പര്യം വളർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് പുതിയ വ്യവസായ നയത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭക താല്പര്യം വളർത്തുന്നതിനായി അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള നടപടികളാണ് കരട് വ്യവസായ വാണിജ്യ നയത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. |
| (ബി) | വിദ്യാർത്ഥികളിൽ പ്രസ്തുത ആശയം വളർത്തുന്നതിനായി ഡിഗ്രി തലത്തിലുള്ള വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കാര്യശേഷിയും തൊഴിൽ നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനായി ആവശ്യാനുസൃതവും വ്യവസായാധിഷ്ഠിതവുമായ പാഠ്യപദ്ധതികൾ നടപ്പിൽ വരുത്താൻ സർക്കാർ ശ്രമിക്കുമെന്നും ചില്ലറ വിപണന മാനേജ്മെന്റുകളുടെ ഇൻസ്റ്റിറ്റ്യൂട്ടുകൾ വാണിജ്യ വ്യവസായ മേഖലകളിൽ തുടങ്ങുന്നതിനുള്ള നടപടികൾ എടുക്കുമെന്നും കരട് നയത്തിൽ പ്രതിപാദിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി.ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ. ഡി. ക്ലബ്ബുകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. കേരള സാമ്പത്തിക വ്യവസ്ഥയെ ശ്രീലങ്ക, തെക്ക് കിഴക്കൻ ഏഷ്യ, മധ്യ കിഴക്ക്, ഇന്ത്യയുടെ ഇതര ഭാഗങ്ങൾ എന്നീ നാലു പ്രധാന മേഖലകളുമായി വ്യാവസായിക ബന്ധം സ്ഥാപിക്കുന്ന തിനായി അവരുടെ സമ്പദ് വ്യവസ്ഥ യുമായി യോജിക്കുന്ന രീതിയിലുള്ള നയരൂപീകരണം നടത്തുക.

2. സംസ്ഥാനത്തിലേക്ക് നിക്ഷേപങ്ങൾ, ടൂറിസ്റ്റുകൾ, പ്രൊഫഷണലുകൾ, രോഗികൾ, വിദ്യാർത്ഥികൾ എന്നിവരെ ആകർഷിക്കുന്നതി ലേക്കായി രാജ്യത്തിന്റെ ഇതര ഭാഗങ്ങളുമായി ബന്ധം പുലർത്തുക, ഇതിലൂടെ സംസ്ഥാനത്തെ യാത്ര, കച്ചവടം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള ഏറ്റവും അനുയോജ്യമായ സ്ഥലമാക്കി മാറ്റുക.

3. അനിവാര്യമായ വളർച്ചാനുബന്ധിയായ നയങ്ങൾ, ഭരണ നിർവ്വഹണ മാതൃകകൾ, വ്യവസ്ഥിതികൾ തുടങ്ങിയവ സ്വീകരിക്കുക.

4. ജനങ്ങൾക്കിടയിൽ ഒരു സംരംഭ സംസ്ക്കാരം വളർത്തുവാൻ സർക്കാർ മിഷൻ മാതൃകയിൽ പ്രോത്സാഹിപ്പിക്കുക.

5. വൻകിട സംരംഭങ്ങളിലേക്കുള്ള നിക്ഷേപം നടപ്പിലാക്കുവാൻ രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹിക നേതാക്കന്മാരുടെയും അഭിപ്രായ സമന്വയം ഉണ്ടാക്കുവാൻ വേണ്ടി ഉന്നത അധികാര സമിതി രൂപീകരിക്കുക.

6. ഏകജാലക സംവിധാനം എല്ലാ സംരംഭകരേയും ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുക, സമയാധിഷ്ഠിതമായി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക.

7. പരിസ്ഥിതി സൗഹാർദ്ദപരമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വികസനാധിഷ്ഠിത മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുക.

8. വ്യവസായ വികസനവും സാമ്പത്തിക വളർച്ചയും സംരംഭകത്വവും കൊണ്ട് ഉണ്ടാകുന്ന സാമൂഹിക ഉന്നതിയെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വൻതോതിലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

സെക്ഷൻ ഓഫീസർ